DESPATCHED
On..16.12.22..

8/2/22



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1121(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10053/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 8**

| | |
|---|---|
| ശ്രീ. രാമചന്ദ്രൻ നായർ,<br>ആമ്പടി പുരയിടം,<br>പുഞ്ചവയൽ പി.ഒ.,<br>കാഞ്ഞിരപ്പള്ളി, കോട്ടയം. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻഓഫീസർ &<br>സീനിയർ സൂപ്രണ്ട്(ഐ./സി),<br>ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയം,<br>ഏറ്റുമാനൂർ, കോട്ടയം.<br>2. അപ്പീൽ അധികാരി &<br>ഡെപ്യൂട്ടി ലേബർ കമ്മീഷണർ,<br>ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയം,<br>ഏറ്റുമാനൂർ, കോട്ടയം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 11.6.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.6.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 13.7.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 11.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30.8.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 1.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 5.10.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 8.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രാമചന്ദ്രൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഇടുക്കി ജില്ലയിൽ 35–ാം മൈലിൽ പ്രവർത്തിക്കുന്ന പാരിസൺ റബ്ബർ കമ്പനി എന്ന സ്ഥാപനത്തിലെ 6 തൊഴിലാളികളുടെ സസ്പെൻഷൻ കാലയളവിലെ ഉപജീവന ബത്തയുമായി ബന്ധപ്പെട്ട മൂന്ന് വിവരങ്ങൾ ആവശ്യപ്പെട്ട് ഒന്നാം

എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീൽ ഹർജിയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും പാരിസൺ ഗ്രൂപ്പ് ഓഫ് കമ്പനിയിൽ നിന്നും നിയമവിരുദ്ധമായി പിരിച്ചുവിട്ട 6 തൊഴിലാളികളുടെ ജീവനാംശം ലഭിക്കുവാൻ കമ്മീഷൻ ഉത്തരവാകണമെന്നും, തൊഴിലാളികൾക്ക് കൊടുക്കേണ്ട ജീവനാംശം കുറച്ചതിന് എതിർകക്ഷികളെ ശിക്ഷിക്കണമെന്നുമാണ്.

2. 11.6.2021–ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. പാരിസൺ കമ്പനി (ബോയിസ് എസ്റ്റേറ്റ്, 35–ാം മൈൽ) ഇടുക്കി ജില്ല, നിയമ വിരുദ്ധമായി മാനേജ്മെന്റ് പിരിച്ചു വിട്ട സുനിൽ എൻ.(സി.ആർ. നമ്പർ 1187), കെ.കെ.മോഹനൻ (സി.ആർ.നം.838), കമലാസൻ എ.കെ. (സി.ആർ നം.845), വി.ആർ. മനോജ് (സി.ആർ.നം.1285), പി.ജി. സുരേഷ്കുമാർ (സി.ആർ.നം. 1089), ഗിരീഷ്കുമാർ (സി.ആർ.നം.1275) എന്നീ തൊഴിലാളികൾക്ക് ജീവനാംശം കൊടുക്കുന്ന കാര്യം മാനേജ്മെന്റ് എന്തു പറയുന്നു എന്നും

ii. മേൽപ്പടി തൊഴിലാളികൾക്ക് നിയമാനുസരണം ലഭിക്കേണ്ട ജീവനാംശം എന്നു ലഭിക്കുമെന്നും

iii. മേൽപ്പടി തൊഴിലാളികളുടെ ജീവനാംശം കാലതാമസം വരുത്തിയതിന് മാനേജ്മെന്റിനെതിരെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ എന്തു നടപടിയെടുത്തു എന്നും മറ്റുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.6.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ 13.7.2021–ന് ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി 11.8.2021–ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് എതിർകക്ഷിയുടെ അധീനതയിലുള്ള ലഭ്യമായ വിവരങ്ങൾ സുവ്യക്തമായും സമയബന്ധിതമായും നൽകിയിട്ടുള്ളതാണെന്നും അപ്രകാരം അപ്പീൽ അപേക്ഷകന് നൽകിയ വിവരങ്ങൾ തൃപ്തികരമാണെന്ന് അപ്പീൽ അധികാരിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ഈ അപ്പീൽ അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 28.9.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 11.6.2021–ലെ അപേക്ഷയ്ക്ക് 24.6.2021 തീയതി കൃത്യവും വ്യക്തവുമായ മറുപടി നൽകിയിട്ടുള്ളതാണെന്നും പിന്നീട് മേൽപ്പടി മറുപടിയ്ക്കെതിരെ 13.7.2021 തീയതി ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി എന്നും മേൽപ്പടി അപ്പീൽ പരിശോധിച്ചതിൽ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടി തൃപ്തികരമാണെന്നു കണ്ടെത്തിയതിനാലും അപ്പീൽ അപേക്ഷയിലെ ആവശ്യങ്ങൾ വിവരാവകാശ നിയമ പ്രകാരം നിലനിൽക്കുന്നതല്ലെന്നതിനാലും ഹർജിക്കാരന്റെ ഒന്നാം അപ്പീൽ അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് കണ്ട് അപ്പീൽ തീർപ്പ് കൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 1, 2 ഇനങ്ങളിൽ വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകേണ്ട കാര്യങ്ങൾ തുടങ്ങിയ ഗണത്തിൽ വരുന്ന ചോദ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത് എന്ന് കാണുന്നു. ഇത്തരം ചോദ്യങ്ങൾക്ക് വിവരാവകാശ നിയമ പ്രകാരം മറുപടി നൽകേണ്ട ബാധ്യത വിവരാവകാശ നിയമ പ്രകാരം എതിർകക്ഷികൾക്ക് ഇല്ല. 3-ാം ഇനത്തിൽ ആവശ്യപ്പെട്ട ചോദ്യത്തിന് ലഭ്യമായ വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. എന്നാൽ അപേക്ഷയിൽ പറയുന്ന തൊഴിലാളികൾക്ക് ജീവനാംശം കൊടുക്കുന്നതുമായി ബന്ധപ്പെട്ട ഹർജിക്കാരന്റെ അപേക്ഷയിലെ ആക്ഷേപം വിവരാവകാശ നിയമപ്രകാരം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട മേലധികാരിക്ക് പരാതി നൽകി ഹർജിക്കാരന് പരിഹാരം തേടാവുന്നതാണെന്നും ആയതിനായി ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടി വിഷയവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഫയലുകളോ രേഖകളോ നേരിട്ട് പരിശോധിക്കുന്നതിനോ പകർപ്പുകൾ എടുക്കുന്നതിനോ ഉള്ള എല്ലാ സൗകര്യങ്ങളും എതിർകക്ഷികൾ ഹർജിക്കാരന് അനുവദിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk